കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കും നിലവിൽ ട്രിബ്യൂണലിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിയ്ക്കുന്നതുമായ ശ്രീമതി. സുമി എബ്രഹാമിന് 24.06:2010 മുതൽ 21.10.2010 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.**1196**/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം, **04/03/2016.**

---

പരാമർശം: 1) ശ്രീമതി സുമി എബ്രഹാം സമർപ്പിച്ച 16.07.2015 ലെ ശൂന്യവേതനാവധിയപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 24.08.2015 ലെ ഇ 6-27864/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കും നിലവിൽ ട്രിബ്യൂണലിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിയ്ക്കുന്നതുമായ ശ്രീമതി. സുമി എബ്രഹാമിന് 24.06.2010 മുതൽ 21.10.2010 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി സുമി എബ്രഹാം 25.01.2010 ലാണ് സേവനത്തിൽ പ്രവേശിച്ചത്. 24.06.2010 മുതൽ 21.10.2010 വരെയുള്ള 120 ദിവസത്തേക്ക് ടിയാൾക്ക് പഞ്ചായത്ത് സെക്രട്ടറി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ 3 വർഷം സേവനം പൂർത്തിയാകാതിരുന്ന സമയത്ത് അനുവദിച്ച ടി അവധി പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം റദ്ദാക്കുകയും ടി കാലയളവ് ക്രമീകരിയ്ക്കാൻ അപേക്ഷ നല്കാനും നിർദ്ദേശിച്ചതിനെത്തുടർന്ന് 24.06.2010 മുതൽ 21.10.2010 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം ശ്രീമതി. സുമി എബ്രഹാം അപേക്ഷ സമർപ്പിച്ചു. അപേക്ഷയ്ക്കൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റും 21.10.2010 തീയതിയായി ഫിറ്റ്നസ് സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കും നിലവിൽ ട്രിബ്യൂണലിൽ അന്യത്രസേവനവ്യവസ്ഥയിൽ സേവനമനുഷ്ഠിയ്ക്കുന്ന ശ്രീമതി. സുമി എബ്രഹാമിന് 24.06.2010 മുതൽ 20.10.2010 വരെയുള്ള കാലയളവ് ആർജ്ജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും 21.10.2010 തീയതി ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (ii) ൽ ഇളവു വരുത്തി ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**

**ഗവ.അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി സുമി എബ്രഹാം, ക്ലാർക്ക്, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ധനവകുപ്പ് ( 14.01.2016 ലെ ഇ-136941/ആർബി2/15/ധന നമ്പർ കുറിപ്പ്)

✓ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(458/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ